# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.01.2026**

## പ്രധാനവാർത്തകൾ

1) അടൽ പെൻഷൻ യോജന 2030-31 സാമ്പത്തിക വർഷം വരെ തുടരാൻ കേന്ദ്രമന്ത്രിസഭാ യോഗ തീരുമാനം.

2) നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൻറെ മൂന്നാം ദിവസമായ നാളെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻ മേലുള്ള നന്ദിപ്രമേയത്തിൽ ചർച്ച ആരംഭിക്കും.

3) വയനാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

4) ലോകത്തിലെ നാലാമത്തെ സാമ്പത്തിക ശക്തിയായി രാജ്യം മാറാൻ പോവുകയാണെന്ന് കേന്ദ്രസഹമന്ത്രി രാംദാസ് അത്-വാലെ.

5) ശബരിമല തീർത്ഥാടന കാലത്ത് സജ്ജമാക്കിയ ആരോഗ്യ കേന്ദ്രങ്ങൾ വഴി 2 ലക്ഷത്തി 56,399 തീർത്ഥാടകർക്ക് സേവനം നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്.

6) കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ തീര പ്രദേശങ്ങളിൽ ഇന്ന് രാത്രി മുതൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യത.

&&&&&&&&&&&&&&&&&&&

RNU TVPM

## കേന്ദ്ര മന്ത്രിസഭാ യോഗം

അടൽ പെൻഷൻ യോജന 2030-31 സാമ്പത്തിക വർഷം വരെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. പദ്ധതിയുടെ പ്രചാരണം, വികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ധനസഹായം നീട്ടുന്നതിനും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്ന് ചേർന്ന യോഗം അംഗീകാരം നൽകി. സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 5,000 കോടി രൂപയുടെ ഓഹരിമൂല്യത്തിന് പിന്തുണ നൽകുന്നതിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 25 ലക്ഷത്തി 74,000ലധികം പുതിയ M S M E ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

&&&&&&&&&&&&&&&&&&

## നിയമസഭ

നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൻറെ മൂന്നാം ദിവസമായ നാളെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻ മേലുള്ള നന്ദിപ്രമേയത്തിൽ ചർച്ച ആരംഭിക്കും. കൊയിലാണ്ടി എം എൽ എയായിരുന്ന കാനത്തിൽ ജമീലയ്ക്ക് ചരമോപചാരം അർപ്പിച്ച് സഭ ഇന്നത്തേക്ക് പിരിഞ്ഞു. സംസ്ഥാനത്തിന്റെ സാമൂഹിക രാഷ്ട്രീയ ഭൂപടത്തിൽ സ്ത്രീകളുടെ സ്വരം ഉയർത്തുന്നതിന് ശ്രദ്ധ നൽകിയിരുന്ന നേതാവായിരുന്നു കാനത്തിൽ ജമീല എന്ന് സ്പീക്കർ എ എൻ ഷംസീർ അനുസ്മരിച്ചു. പുരോഗമന പ്രസ്ഥാനത്തിന് നികത്താനാകാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സഭയിൽ എല്ലായ്പ്പോഴും ജനാധിപത്യ ബോധവും മതേതര നിലപാടും പ്രകടിപ്പിച്ച വ്യക്തിയായിരുന്നു കാനത്തിൽ ജമീലയെന്ന് പ്രതിപക്ഷ നേതാവിനെ പ്രതിനിധീകരിച്ച് കെ.ബാബു അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## <u>മന്ത്രിസഭാ യോഗം -1</u>

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടൽ ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്കും വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്ത ബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 8.57 കോടി രൂപയുടെ പദ്ധതിയിലൂടെ വായ്പയ്ക്ക് പലിശയായി കണക്കാക്കിയിട്ടുള്ള 1.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർ മുഖേന കുടുംബശ്രീ മിഷന് അനുവദിക്കും. ഉജ്ജീവന വായ്പ പദ്ധതിയുടെ സർക്കാർ വിഹിതം ബാങ്കുകൾക്ക് നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. വനം വന്യജീവി വകുപ്പിൽ ആറ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## <u>പി.എം. - കേരളാസന്ദർശനം എഡിഎൻ (ഇൻട്രോ)</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി വെള്ളിയാഴ്ച തിരുവനന്തപുരത്ത് എത്തും. പ്രധാനമന്ത്രിയെ സ്വീകരിക്കാനുള്ള ഒരുക്കങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയിസ്)

ബയോ-360 ലൈഫ് സയൻസസ് പാർക്കിൽ CSIR–NIIST ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്പ് ഹബ്ബിന്റെ ശിലാസ്ഥാപനം നിർവഹിക്കുന്ന പ്രധാനമന്ത്രി, കേരളത്തിന് അനുവദിച്ച അമൃത് ഭാരത് express ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യും.

&&&&&&&&&&&&&&&&&&

RNU TVPM

## രാംദാസ് അത്-വാലെ

ലോകത്തിലെ നാലാമത്തെ സാമ്പത്തിക ശക്തിയായി രാജ്യം മാറാൻ പോവുകയാണെന്ന് കേന്ദ്രസഹമന്ത്രി രാംദാസ് അത്-വാലെ. കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ നേതാക്കൾ NDA യിൽ ചേരുന്ന സ്ഥിതിവിശേഷമാണ് രാജ്യത്ത് നിലനിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. രണ്ടുദിവസത്തെ സന്ദർശനത്തിനിടെ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ കേന്ദ്ര സഹമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി സവിശേഷ (ഇൻട്രോ)

നവകേരള നിർമ്മിതിയിൽ തുല്യനീതി ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭിന്നശേഷി സർഗ്ഗോത്സവത്തിന്റെ സമാപനസമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാർ ഒറ്റയ്ക്കല്ലെന്നും സർക്കാർ എന്നും അവർക്കൊപ്പം ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

RNU TVPM

&&&&&&&&&&&&&&&&&&

## കെഎസ്ആർടിസി - മന്ത്രി ഗണേഷ്കുമാർ

കെഎസ്ആർടിസിയുടെ വിശ്വാസ്യത നിലനിർത്താൻ ജീവനക്കാരുടെ മികച്ച പെരുമാറ്റവും സഹകരണവും വലിയ പങ്ക് വഹിക്കുന്നതായി മന്ത്രി കെ. ബി. ഗണേഷ് കുമാർ. പൊതുഗതാഗത രംഗത്ത് നൂതനമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പ്രത്യേക പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രവർത്തന ലാഭത്തിൽ മുന്നേറുന്ന, രാജ്യത്തെ ഏക

പൊതുഗതാഗത കോർപ്പറേഷൻ കെഎസ്ആർടിസിയാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## ശബരിമല - ആരോഗ്യവകുപ്പ്

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സജ്ജമാക്കിയ ആരോഗ്യ കേന്ദ്രങ്ങൾ വഴി 2 ലക്ഷത്തി 56,399 തീർത്ഥാടകർക്ക് സേവനം നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലും സജ്ജമാക്കിയ എമർജൻസി മെഡിക്കൽ സെൻ്ററുകളിലൂടെ 64,754 തീർത്ഥാടകർക്കും ആരോഗ്യ സേവനം നൽകി. സിപിആർ ഉൾപ്പെടെയുള്ള അടിയന്തര സേവനം നൽകി മരണനിരക്ക് പരമാവധി കുറയ്ക്കാൻ സാധിച്ചതായും ആരോഗ്യ മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

RNU TVPM

## യുവാവ് - ആത്മഹത്യ- പ്രതി പിടിയിൽ

ബസിൽ ലൈംഗികാതിക്രമം ആരോപിച്ച് വീഡിയോ പ്രചരിപ്പിച്ചതിനെ തുടർന്ന് യുവാവ് ജീവനൊടുക്കിയ കേസിൽ പ്രതി ഷിംജിതയെ കുന്നമംഗലം മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്തു. വടകരയിലെ ബന്ധുവീട്ടിൽ നിന്ന് ഷിംജിതയെ പോലീസ് ഇന്ന് കസ്റ്റഡിയിലെടുക്കുകയായിരുന്നു. കണ്ടന്റ് ക്രിയേറ്ററായ ഷിംജിത വീഡിയോ പരസ്യമാക്കിയത് യുവാവിൻറെ ആത്മഹത്യയിലേക്ക് നയിച്ചെന്ന് പരാതിയിൽ പറയുന്നു. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷനും അന്വേഷണത്തിന് ഉത്തരവിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## പ്രത്യേക ചർച്ച

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാരി ശക്തി വന്ദൻ അധിനിയം എന്ന വിഷയത്തെക്കുറിച്ച് നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ ദേശീയ വനിതാ കമ്മീഷൻ ഉപദേശക സമിതിയംഗം അഡ്വ. ജി അഞ്ജന ദേവി സംസാരിക്കും.

&&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക - പരിഷ്കരണം

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. കരടു വോട്ടർ പട്ടികയിലുള്ള പേരുകൾ നീക്കം ചെയ്യാനും പേര് ചേർക്കാനും നിരവധി അപേക്ഷകളാണ് ലഭിക്കുന്നത്. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

RNU TVPM

&&&&&&&&&&&&&&&&&&

## കണക്ട് ടു വർക്ക് - മുഖ്യമന്ത്രി

പഠനം പൂർത്തിയാക്കി തൊഴിലിനായി തയ്യാറെടുക്കുന്ന യുവജനങ്ങൾക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന 'കണക്ട് ടു വർക്ക്' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പ്ലസ് ടു മുതൽ ബിരുദം വരെയുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള, 18 നും 30 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപ വീതം ധനസഹായം നൽകുന്നതാണ് പദ്ധതി.

&&&&&&&&&&&&&&&&&&

**ഫുട്ബോൾ - സന്തോഷ് ട്രോഫി - പിടിസി (ഇൻട്രോ)**

79-ാമത് സന്തോഷ് ട്രോഫി ടൂർണ്ണമെൻ്റിന് അസമിൽ തുടക്കമായി. ആദ്യ മത്സങ്ങളിൽ രാജസ്ഥാൻ, തമിഴ്നാട്, ബംഗാൾ ടീമുകൾക്ക് ജയം. കേരളത്തിൻ്റെ ആദ്യമത്സരത്തിൽ പഞ്ചാബാണ് എതിരാളികൾ.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്..... (വോയ്സ്)**

&&&&&&&&&&&&&&&&&&

**കള്ളക്കടൽ**

സംസ്ഥാനത്ത് കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് രാത്രി 08.30 മുതൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. കന്യാകുമാരി തീരത്തും നാളെ രാത്രിവരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM